**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 702** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>വനംവകുപ്പിന്റെ നൂറുദിന കർമ്മപരിപാടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

N/A ഡോ. മാത്യു കുഴൽനാടൻ
ശ്രീ. നാട്ടകം സുരേഷ്
ശ്രീ. സിറിയക് തോമസ്
ശ്രീ. റോണി. കെ. ബേബി

വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി

**(എ)** വനംവകുപ്പിന്റെ നൂറുദിന കർമ്മപരിപാടികൾ ആവിഷ്കരിക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** സർക്കാരിന്റെ 100 ദിന കർമ്മപദ്ധതികളുടെ ഭാഗമായി വനം വകുപ്പും 100 ദിന കർമ്മപരിപാടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

**(ബി)** വനാതിർത്തിയിൽ 1900 കിലോമീറ്റർ സൗരോർജ്ജ വേലി കൂടി നിർമ്മിക്കാൻ പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ;

**<u>മറുപടി:</u>** വനമേഖലയിൽ അടുത്ത അഞ്ച് വർഷക്കാലയളവിൽ നിലിവിലുള്ള 2000 കി.മീ. സൗരോർജ്ജ വേലികൾക്ക് പുറമേ 2000 കി.മീ. സൗരോർജ്ജ വേലി കൂടി നിർമ്മിക്കുവാനാണ് ലക്ഷ്യമിടുന്നത്.

**(സി)** മനുഷ്യ - വന്യജീവി സംഘർഷ സാഹചര്യങ്ങളിൽ പൊതുജനങ്ങൾക്ക് അതിവേഗസേവനം ഉറപ്പാക്കുന്നതിനായി വനംവകുപ്പ് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫോറസ്റ്റ് കോൾ സെൻറർ ആരംഭിക്കുമോ; വിശദമാക്കുമോ?

**<u>മറുപടി:</u>** വനം വകുപ്പിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററുകൾ, സ്റ്റേറ്റ് ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററിലും , 36 ഡിവിഷണൽ ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററുകൾ മുഖേനയും ആരംഭിച്ചിട്ടുണ്ട്. കൂടാതെ മനുഷ്യ-വന്യജീവി സംഘർഷ സാഹചര്യങ്ങളിൽ പൊതുജനങ്ങൾക്ക് അതിവേഗസേവനം ഉറപ്പാക്കുന്നതിനായി “1926” എന്ന ടോൾ ഫ്രീ നമ്പരിൽ പ്രത്യേക കോൾ സെന്ററും ആരംഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**